ശബ്ദമലിനീകരണം

217 (T3039) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബ്ദമലിനീകരണം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) വിവിധ ശബ്ദമേഖലകൾ നിർണ്ണയിച്ച് സൂചനാബോർഡുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഈ മേഖലകളിൽ ശബ്ദപരിധി ലംഘിക്കുന്ന തരത്തിൽ ശബ്ദമലിനീകരണം സൃഷ്ടിക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) മോട്ടോർ ബൈക്കുകളിലും മറ്റ് വാഹനങ്ങളിലും ശബ്ദനിയന്ത്രണ സംവിധാനങ്ങളിൽ മാറ്റംവരുത്തിയും മറ്റും ശബ്ദമലിനീകരണം സൃഷ്ടിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ; ഇത്തരത്തിലുള്ള വാഹനങ്ങൾ കണ്ടുകെട്ടുന്നതിന് തയ്യാറാകുമോ ?

ഉത്തരം

(എ) ശബ്ദമലിനീകരണ-നിയന്ത്രണ ചട്ടങ്ങൾ അനുസരിച്ച് ശബ്ദമലിനീകരണം തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചുവരുന്നു. മതപരമായ ആഘോഷങ്ങൾക്കും ചടങ്ങുകൾക്കും അനിയന്ത്രിതമായും നിയമവിരുദ്ധമായും ഉച്ചഭാഷിണികൾ ഉപയോഗിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നുണ്ട്. മൈക്ക് പെർമിഷൻ നല്കുന്ന സമയത്തുതന്നെ ഇതുസംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കൂടാതെ അനുവദനീയമായ പരിധിയിൽ കൂടുതൽ ശബ്ദതീവ്രതയുള്ള ഉച്ചഭാഷിണികൾ പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകാറില്ല.

(ബി) ശബ്ദമലിനീകരണ നിയന്ത്രണചട്ടങ്ങൾ കർശനമായി പാലിക്കുന്നത് സംബന്ധിച്ച പരിസ്ഥിതി വകുപ്പിന്റെ ഉത്തരവ് നടപ്പിലാക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മോട്ടോർ ബൈക്കുകളിലും മറ്റ് വാഹനങ്ങളിലും ശബ്ദനിയന്ത്രണ സംവിധാനങ്ങളിൽ മാറ്റം വരുത്തിയും മറ്റ് തരത്തിലും ശബ്ദമലിനീകരണം സൃഷ്ടിക്കുന്നവർക്കെതിരെ കർശന നിയമനടപടി സ്വീകരിക്കുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ നിയമാനുസൃതമായ പിഴ ചുമത്തുകയും ചെയ്യുന്നുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly